**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 636

02.11.2016- ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന്റെ ഓൺലൈൻ വിപണനം

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**
**,, മഞ്ഞളാംകുഴി അലി**
**,, പി.കെ.കുഞ്ഞാലിക്കുട്ടി**
**,, ടി.എ.അഹമ്മദ് കബീർ**

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡ് അതിന്റെ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്താനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കൺസ്യൂമർഫെഡ് അതിന്റെ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്താനുള്ള പദ്ധതികൾ നിലവിൽ ആവിഷ്കരിച്ചിട്ടില്ല. അതിനുള്ള പദ്ധതികൾ കൺസ്യൂമർഫെഡറേഷൻ തയ്യാറാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | വിവിധ സഹകരണ സ്ഥാപനങ്ങളുടെ അപ്പക്സ് ഫെഡറേഷനായ കൺസ്യൂമർഫെഡറേഷൻ സഹകരണ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണ, അരി, മുതലായവയും, കുടുംബശ്രീ പോലുള്ള ഗ്രൂപ്പുകൾ ഉല്പാദിപ്പിക്കുന്ന സ്കൂൾ ബാഗ്, കുട, ചെരിപ്പ്, മുതലായ ഇനങ്ങൾക്ക് വിപണി ഉണ്ടാക്കുന്നതിനായും, ത്രിവേണികളിലെ ഉല്പന്നങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി ഒരു ഓൺലൈൻ വെബ്പോർട്ടൽ തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഓൺലൈൻ വ്യാപാരത്തിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | (സി) | ഓൺലൈൻ വ്യാപാരത്തിലൂടെ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നാണ് കൺസ്യൂമർഫെഡ് പ്രതീക്ഷിക്കുന്നത്.<br>1) എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് വൻതോതിൽ കുറയ്ക്കുവാൻ സാധിക്കുന്നു.<br>2) വിവിധ പ്രദേശങ്ങളിലുള്ള ഉപഭോക്താക്കളിലേക്ക് സാധനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | എത്തിച്ചു കൊടുക്കുവാൻ സാധിക്കുന്നു.<br>3) ഓൺലൈൻ ബുക്കിങ്ങിലൂടെ സാധനങ്ങൾ എത്തിക്കുന്നതു വഴി അഭ്യസ്ഥ വിദ്യരായിട്ടുള്ള ചെറുപ്പക്കാർക്ക് തൊഴിലവസരം നൽകാൻ സാധിക്കുന്നു.<br>4) ചെറുകിട ഉല്പാദകർക്ക് വിപണി കണ്ടെത്തുന്നതിനും അതുവഴി അവരുടെ ഉല്പന്നങ്ങൾക്ക് ഒരു ബ്രാൻഡ് ഉണ്ടാക്കുന്നതിനും സാധിക്കുന്നു.<br>5) ആധുനിക മാർക്കറ്റിംഗ് സൗകര്യങ്ങളുള്ള സ്ഥാപനമായി കൺസ്യൂമർഫെഡ് മാറുന്ന സാഹചര്യമുണ്ടാകുന്നു. |

സെക്ഷൻ ഓഫീസർ